**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3227** **26-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേല നടപടിയിലെ കലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേലനടപടികൾ എം.എസ്.ടി.സി.ലിമിറ്റഡ് (മെറ്റൽ സ്ക്രാപ്പ് ട്രേഡിങ്ങ് കോർപറേഷൻ ) വഴി നടത്തുന്നത് മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | G.O(Ms)No.223/2012/fin dt. 17/04/2012 പ്രകാരവും ചീഫ് എഞ്ചിനീയർ തലത്തിലെ സർക്കുലറുകൾ പ്രകാരവും ലേല നടപടികൾ MSTC വഴിയാണ് നടത്തേണ്ടത്. അതിനാൽ മുൻപ് ഉണ്ടായിരുന്ന പോലെ site-ൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്ന രീതി അവലംബിക്കാൻ നിലവിൽ സാധ്യമല്ല. അടിയന്തിര ഘട്ടങ്ങളിൽ MSTC മുഖേന തന്നെ ആവശ്യമെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അധികാര പരിധിയ്ക്കുള്ളിൽ നിന്ന് ലേലത്തുകയിൽ കുറവ് വരുത്തി എത്രയും പെട്ടെന്ന് തന്നെ മുറിച്ച മാറ്റുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. അപകടകരമായ സാഹചര്യമാണെങ്കിൽ മരങ്ങൾ മുറിച്ച മാറ്റിയശേഷം ലേല നടപടികൾ സ്വീകരിക്കേണ്ടതായും വരുന്നുണ്ട്. |
| (ബി) | എം.എസ്.ടി.സി. വഴി ലേലം ചെയ്യുമ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ അടിയന്തര ഘട്ടങ്ങളിലെങ്കിലും മുൻപുണ്ടായിരുന്നതുപോലെ സൈറ്റിൽ വെച്ച് തന്നെ പരസ്യമായി ലേലം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | G.O(Ms)No.223/2012/fin dt. 17/04/2012 പ്രകാരവും ചീഫ് എഞ്ചിനീയർ തലത്തിലെ സർക്കുലറുകൾ പ്രകാരവും ലേല നടപടികൾ MSTC വഴിയാണ് നടത്തേണ്ടത്. അതിനാൽ മുൻപ് ഉണ്ടായിരുന്ന പോലെ site-ൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്ന രീതി അവലംബിക്കാൻ നിലവിൽ സാധ്യമല്ല. അടിയന്തിര ഘട്ടങ്ങളിൽ MSTC മുഖേന തന്നെ ആവശ്യമെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അധികാര പരിധിയ്ക്കുള്ളിൽ നിന്ന് ലേലത്തുകയിൽ കുറവ് വരുത്തി എത്രയും പെട്ടെന്ന് തന്നെ മുറിച്ച മാറ്റുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. അപകടകരമായ സാഹചര്യമാണെങ്കിൽ മരങ്ങൾ മുറിച്ച മാറ്റിയശേഷം ലേല നടപടികൾ സ്വീകരിക്കേണ്ടതായും വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ